II ഇ.ബി. XV- കേരള നിയമസഭ/XVI-1

**പതിനഞ്ചാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2026 ജനുവരി 27, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

(ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന നമ്പർ ഈ സമ്മേളനത്തിൽ അനുവദിച്ച ചോദ്യങ്ങളുടെ നമ്പറിനെ സൂചിപ്പിക്കുന്നു.)

(ശബരിമല സ്വർണ്ണപ്പാളി വിവാദത്തിൽ തുറമുഖ-സഹകരണ ദേവസ്വം വകുപ്പുമന്ത്രി രാജിവയ്ക്കണമെന്നും എസ്.ഐ.ടി.-യുടെമേൽ മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്നുള്ള സമ്മർദം അവസാനിപ്പിക്കണമെന്നുമാവശ്യപ്പെട്ട് പ്രതിപക്ഷാംഗങ്ങളായ സർവശ്രീ സി. ആർ. മഹേഷും നജീബ് കാന്തപുരവും സഭാകവാടത്തിനുമുന്നിൽ സത്യാഗ്രഹസമരം ആരംഭിക്കുകയാണെന്നും സഭാനടപടികളുമായി സഹകരിച്ചുകൊണ്ട് ഈ സമരവുമായി മുന്നോട്ട് പോകുകയാണെന്നും പ്രതിപക്ഷനേതാവ് സഭയെ അറിയിക്കുകയും പ്രതിപക്ഷാംഗങ്ങളൊന്നടങ്കം ബാനറും പ്ലക്കാർഡുകളും ഉയർത്തിപ്പിടിച്ച് മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭയിൽനിന്നും പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരികെ വരികയും ചെയ്തു.)

1 (*1) മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പരിപാടി

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതി പ്രകാരം 19-01-2026 വരെ 3360 വായ്പകൾ (1286.96 കോടി രൂപ) അനുവദിച്ചതിലൂടെ 2963 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും പദ്ധതിയുടെ ഗുണഭോക്താക്കളിൽ 1374 വനിതാ സംരംഭകരുണ്ടെന്നും പദ്ധതിയിലൂടെ 87,440 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്നും സഭയെ അറിയിച്ചു. 10 ശതമാനം പലിശനിരക്കിൽനിന്ന് 3 ശതമാനം സർക്കാർ സബ്സിഡിയും 2 ശതമാനം കെ.എഫ്.സി റിബേറ്റും കുറച്ച് 5 ശതമാനം നിരക്കിലാണ് വായ്പകൾ നൽകിവരുന്നത്. പദ്ധതി

ആരംഭിച്ചതുമുതൽ പലിശ സബ്സിഡി ഇനത്തിൽ 46.6 കോടി രൂപ സർക്കാരും പലിശ റിബേറ്റിനത്തിൽ 25.81 കോടി രൂപ കെ.എഫ്.സി.-യും ചെലവഴിച്ചിട്ടുണ്ടെന്നും വായ്പാകാലാവധി 5 വർഷത്തിൽനിന്നും ദീർഘിപ്പിക്കാനുള്ള തീരുമാനം കൈക്കൊണ്ടിട്ടില്ലെന്നും പദ്ധതി ചെലവിന്റെ 90 ശതമാനം (രണ്ട് കോടി രൂപ വരെ) വായ്പയായി അനുവദിക്കുന്നുണ്ടെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. 51 ടെക്നോളജി ബേസ്ഡ് സ്റ്റാർട്ടപ്പുകൾക്കായി 69 കോടി രൂപ നൽകിയിട്ടുണ്ടെന്നും അടുത്ത അഞ്ചുവർഷത്തിനുള്ളിൽ 2500 സംരംഭങ്ങൾ തുടങ്ങാനാണ് ലക്ഷ്യമിടുന്നതെന്നും ഓരോ സ്ഥാപനത്തിൽനിന്നും ശരാശരി അഞ്ചുപേർക്ക് പ്രത്യക്ഷമായും പത്തുപേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കാൻ സാധ്യതയുണ്ടെന്നും പൊതുവിഭാഗത്തിൽ 50 വയസ്സിൽത്താഴെയുള്ള സംരംഭകർക്കും എൻ.ആർ.കെ./എസ്.സി./എസ്.ടി./ വനിതാവിഭാഗത്തിൽപെട്ട 55 വയസ്സിൽ താഴെയുള്ള സംരംഭകർക്കും വിമുക്തഭടന്മാർക്ക് പ്രായപരിധിയില്ലാതെയുമാണ് ആനുകൂല്യം ലഭ്യമാക്കുന്നതെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

2 (*2) <u>നഗരനയം രൂപീകരണം</u>

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) നൽകിയ മറുപടിയിൽ, കേരളത്തിന്റെ നഗരവൽക്കരണ പ്രവണതയും സങ്കീർണ്ണതയും പ്രശ്നങ്ങളും ഉൾക്കൊണ്ടും കാലാവസ്ഥ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ മനസ്സിലാക്കിയും സംസ്ഥാനത്തിന്റെ വികസന കാഴ്ചപ്പാടിനനുസൃതമായും ഹ്രസ്വകാല, ദീർഘകാല ലക്ഷ്യങ്ങൾ ഉൾപ്പെടുത്തി അടുത്ത 25 വർഷത്തെ വികസനപ്രവർത്തനങ്ങൾക്കായുള്ള 'സമഗ്ര നഗരനയം' തയ്യാറാക്കാനായി അക്കാദമിക, രാഷ്ട്രീയ, സാമൂഹിക മേഖലകളിലെ വിദഗ്ധർ ഉൾപ്പെട്ട പതിമൂന്നംഗ കേരള നഗരനയ കമ്മീഷൻ രൂപീകരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. 1991-ലെ സെൻസസ് പ്രകാരം 26.44 ശതമാനമായിരുന്ന കേരളത്തിലെ നഗര ജനസംഖ്യ 2011-ൽ 47.22 ശതമാനമായി ഉയരുകയും 2001-ൽ 159 ആയിരുന്ന സെൻസസ് ടൗണുകളുടെ എണ്ണം 2011-ൽ 520 ആയി വർധിക്കുകയും കേരളത്തിലെ നഗര ജനസംഖ്യ 2051-ഓടെ 80 ശതമാനത്തോടടുക്കുമെന്നും മന്ത്രി വ്യക്തമാക്കി. കേരള നഗരനയ കമ്മീഷൻ 2025 മാർച്ചിൽ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ

കേരളത്തിന്റെ നഗരവൽക്കരണവും സർക്കാരിന്റെ നഗരനയവും വിപുലമായ ചർച്ചയ്ക്ക് വിധേയമാക്കുന്നതിന് കൊച്ചിയിൽവച്ച് 2025 സെപ്റ്റംബർ 12, 13 തീയതികളിൽ സംഘടിപ്പിച്ച "കേരള അർബൻ കോൺക്ലേവ് 2025"-ൽനടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ റിപ്പോർട്ടിലെ ഇടക്കാല-ദീർഘകാല ശിപാർശകൾ സംപുഷ്ടിപ്പെടുത്തി പ്രാദേശിക സാമ്പത്തിക വികസനം, നവീനമായ നഗരധനാഗമ മാർഗ്ഗങ്ങൾ, കാലാവസ്ഥാ വ്യതിയാനം, ഉൾച്ചേർന്നതും ശാസ്ത്രീയവുമായ നഗരാസൂത്രണം, ഡാറ്റാധിഷ്ഠിതവും പ്രൊഫഷണൽ സ്വഭാവമുള്ള നഗരഭരണം, പുതിയ നഗരഭരണ പങ്കാളിത്ത മാതൃകകൾ തുടങ്ങി വിവിധ മേഖലകൾക്ക് ഊന്നൽ നൽകിക്കൊണ്ട് നഗരനയം അന്തിമമാക്കി പ്രസിദ്ധപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. കേരളത്തിന്റെ സവിശേഷമായ സാമ്പത്തിക, സാമൂഹിക സാഹചര്യങ്ങളും കാലാവസ്ഥാ വ്യതിയാനവും കണക്കിലെടുത്തും സാമൂഹികനീതിയിൽ അധിഷ്ഠിതമായ വികസനമെന്ന ബദൽ സമീപനം മുൻനിർത്തിയുമാണ് നഗരനയം രൂപീകരിക്കുന്നത്. ദ്രവമാലിന്യ സംസ്കരണവും കക്കൂസ് മാലിന്യസംസ്കരണവും നഗരനയത്തിലെ മുൻഗണനാ വിഷയങ്ങളാണെന്നും അർബൻ കമ്മിഷൻ മുന്നോട്ടുവച്ച അർബൻ ഒബ്സർവേറ്ററി എന്ന നിർദേശം നടപ്പാക്കുന്ന കാര്യവും നഗരനയത്തിനനുയോജ്യമായി പഞ്ചായത്ത്‌രാജ്, മുനിസിപ്പാലിറ്റി നിയമങ്ങളിൽ ഭേദഗതി വരുത്തുന്ന കാര്യവും പരിഗണിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

3 (*3) <u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി വിനിയോഗം</u>

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും 2016-21-ൽ 5715.92 കോടി രൂപയും 2021-26-ൽ 2569.15 കോടി രൂപയും ചികിത്സാ ധനസഹായം ഉൾപ്പെടെ അനുവദിച്ചിട്ടുണ്ടെന്നും ധനസഹായം 100 മണിക്കൂറിനുള്ളിൽ കൈമാറുകയെന്ന ലക്ഷ്യത്തോടെ ഈ സംവിധാനം പൂർണ്ണമായും ഓൺലൈനാക്കി (cmo.kerala.gov.in) 14-11-2016-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും അപേക്ഷകൾ നേരിട്ടും അക്ഷയ കേന്ദ്രങ്ങൾവഴിയും സമർപ്പിക്കാവുന്നതാണെന്നും അർഹരായവരുടെ അക്കൗണ്ടിലേക്ക് ഡി.ബി.റ്റി. സംവിധാനം മുഖേനയാണ് ധനസഹായം ലഭ്യമാക്കുന്നതെന്നും ധനസഹായത്തിനുള്ള വാർഷിക വരുമാനപരിധി രണ്ട് ലക്ഷം രൂപയാണെന്നും സഭയെ

അറിയിച്ചു. മാരകരോഗങ്ങൾ പിടിപെട്ടവർക്ക് പരമാവധി മൂന്നുലക്ഷം രൂപ വരെയും വള്ളം, ബോട്ട് തുടങ്ങിയ ജീവിതോപാധികൾ പൂർണ്ണമായും നഷ്ടപ്പെടുന്നവർക്ക് രണ്ടുലക്ഷം രൂപയും വല, കട്ടമരം എന്നിവ പൂർണ്ണമായും നഷ്ടപ്പെടുന്നവർക്ക് ഒരു ലക്ഷം രൂപയും വള്ളവും ബോട്ടും ഭാഗികമായി നഷ്ടപ്പെടുന്നവർക്ക് ഒരു ലക്ഷം രൂപ വരെയും കട്ടമരം നഷ്ടപ്പെട്ടാൽ 20,000 രൂപ വരെയും ഇൻഷുറൻസ് പരിരക്ഷയില്ലാത്ത ചെറുകിട കച്ചവട സ്ഥാപനങ്ങൾക്കും വാസഗൃഹങ്ങൾക്കും തീപിടുത്തം വഴിയുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടത്തിന്റെ തോത് വിലയിരുത്തിയും സഹായധനം അനുവദിക്കുന്നുണ്ടെന്ന് മുഖ്യമന്ത്രി വ്യക്തമാക്കി. ജില്ലാ കളക്ടർമാർക്ക് 10,000/- രൂപ വരെയും റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിക്ക് 15,000/- രൂപ വരെയും ധനസഹായം അനുവദിക്കാവുന്നതാണ്. എച്ച്.ഐ.വി. ബാധിതരുടെ പരിരക്ഷയ്ക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ആറുമാസം കൂടുതോറും ധനസഹായം ലഭ്യമാക്കാൻ ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തുകയും ഇതിനായി ART (Anti-Retroviral Therapy) Center മുഖേന ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുകയും ചെയ്തതിനൊപ്പം അപേക്ഷയുൾപ്പെടെയുള്ള എല്ലാ രേഖകളും രഹസ്യസ്വഭാവത്തിൽ സൂക്ഷിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആർ.സി.സി.-യിലെ രോഗികൾക്ക് മെഡിക്കൽ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് ഓൺലൈൻ സംവിധാനം പുതുതായി ഏർപ്പെടുത്തിയിട്ടുണ്ട്. മാസംതോറും വില്ലേജ്-താലൂക്ക്-ജില്ലാതലത്തിലും സർക്കാർതലത്തിലും അവലോകന യോഗംചേർന്ന് തീർപ്പാക്കൽ പുരോഗതി വിലയിരുത്തുകയും തുടർനടപടികൾ നിർദ്ദേശിക്കുകയും ചെയ്യുന്നുണ്ട്. 2011-16 കാലഘട്ടത്തിൽ ലഭിച്ച 29,930 അപേക്ഷകളിൽ സഹായം അനുവദിച്ച് ഉത്തരവായെങ്കിലും 25-05-2016-ൽ അധികാരത്തിൽവന്ന സർക്കാരാണ് 36.40 കോടി രൂപ അനുവദിച്ചതെന്നും അപകടങ്ങളിൽപ്പെട്ട് ഇൻഷ്വറൻസ് തുക ലഭ്യമാകാത്ത കേസുകളിൽ ദുരിതാശ്വാസ നിധിയിൽനിന്നും സഹായധനം ലഭ്യമാക്കുന്നുണ്ടെന്നും അപകടത്തിൽ പരിക്കേൽക്കുന്നവർക്ക് ഇൻഷ്വറൻസ് തുക ലഭിക്കുന്നതിലുള്ള കാലതാമസം പരിഗണിച്ച് ചികിത്സാസഹായം അനുവദിക്കുന്നുണ്ടെന്നും അവയവമാറ്റത്തിന് വിധേയരാകുന്നവർക്ക് പ്രത്യേക ഇൻഷ്വറൻസ് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം ഗൗരവമായി പരിശോധിച്ചുവരികയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

4 (*4) അമൃത് പദ്ധതി

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, അമൃത് പദ്ധതിയുടെ ഒന്നാംഘട്ടത്തിന്റെ ഭാഗമായി സംസ്ഥാനത്തെ ആറ് കോർപ്പറേഷനുകളിലും ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് മുനിസിപ്പാലിറ്റികളിലുമായി 2379.69 കോടി രൂപയുടെ 1106 പദ്ധതികളും രണ്ടാംഘട്ടത്തിന്റെ ഭാഗമായി 3435.31 കോടി രൂപയുടെ 940 പദ്ധതികളും നടപ്പാക്കുന്നതായി സഭയെ അറിയിച്ചു. പദ്ധതിയുടെ ഒന്നാംഘട്ടത്തിന്റെ കേന്ദ്ര വിഹിതം 1153.08 കോടി രൂപയും സംസ്ഥാന-നഗരസഭാ വിഹിതം 1226.61 കോടി രൂപയും (ടെൻഡർ എക്സസ് ഉൾപ്പെടെ) രണ്ടാംഘട്ടത്തിന്റെ കേന്ദ്ര വിഹിതം 1372 കോടി രൂപയും സംസ്ഥാന-നഗരസഭാ വിഹിതം 2063.31 കോടി രൂപ (ടെൻഡർ എക്സസ് ഉൾപ്പെടെ)-യുമാണ്. ഒന്നാംഘട്ടത്തിൽ ജലവിതരണ സെക്ടറിൽ 204-ഉം സ്വിവറേജ് ആൻഡ് സെപ്റ്റേജ് സെക്ടറിൽ 134-ഉം സ്റ്റോം വാട്ടർ ഡ്രെയിനേജ് സെക്ടറിൽ 527-ഉം അർബൻ ട്രാൻസ്പോർട്ട് സെക്ടറിൽ 123-ഉം പാർക്ക് സെക്ടറിൽ 78-ഉം ഉൾപ്പെടെ 1066 പദ്ധതികളും രണ്ടാംഘട്ടത്തിൽ ജലവിതരണ സെക്ടറിൽ 116-ഉം സ്വിവറേജ് ആൻഡ് സെപ്റ്റേജ് സെക്ടറിൽ 19-ഉം ജലാശയങ്ങളുടെ പുനരുദ്ധാരണ സെക്ടറിൽ 113-ഉം ഉൾപ്പെടെ 248 പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ട്. അമൃത് ഒന്നാംഘട്ടത്തിൽ ജലവിതരണ സെക്ടറിൽ 12-ഉം സ്വിവറേജ് ആൻഡ് സെപ്റ്റേജ് സെക്ടറിൽ 17-ഉം സ്റ്റോം വാട്ടർ ഡ്രെയിനേജ് സെക്ടറിൽ 8-ഉം അർബൻ ട്രാൻസ്പോർട്ട് സെക്ടറിൽ 3-ഉം രണ്ടാംഘട്ടത്തിൽ ഭരണാനുമതി നൽകിയ ജലവിതരണ സെക്ടറിലെ 302-ഉം സ്വിവറേജ് ആൻഡ് സെപ്റ്റേജ് സെക്ടറിലെ 49-ഉം ജലാശയങ്ങളുടെ പുനരുദ്ധാരണ സെക്ടറിലെ 271-ഉം പാർക്ക് സെക്ടറിലെ 70-ഉം പദ്ധതികൾ പൂർത്തീകരിക്കാനുള്ളതിനുപുറമെ ജലവിതരണ സെക്ടറിൽ 10-ഉം സ്വിവറേജ് ആൻഡ് സെപ്റ്റേജ് സെക്ടറിൽ 3-ഉം പാർക്ക് സെക്ടറിൽ 3-ഉം പദ്ധതികൾക്ക് ഭരണാനുമതി നൽകാനുമുണ്ടെന്ന് മന്ത്രി വ്യക്തമാക്കി. ജൽജീവൻ മിഷന്റെ ഭാഗമായ 3500-ലധികം റോഡുകളുടെ റെസ്റ്റോറേഷൻ മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി രണ്ടാംഘട്ടത്തിലുൾപ്പെടുത്തി നടത്താനുള്ള ഭരണാനുമതിയായിട്ടുണ്ടെന്നും ജൽജീവൻ മിഷൻ പ്രവർത്തനത്തിന്റെ ഭാഗമായി തകർന്ന റോഡുകൾ തദ്ദേശസ്ഥാപനങ്ങളുടെ

ഫണ്ടുപയോഗിച്ച് പുനർനിർമ്മിച്ചശേഷം തുക റീക്ലപ്പ് ചെയ്യാനുള്ള തീരുമാനം പരിഗണിച്ചുവരികയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

5 (*5) <u>കൊച്ചി ജലമെട്രോ പദ്ധതി</u>

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, കൊച്ചി വാട്ടർ മെട്രോ പദ്ധതിക്ക് നിരവധി അന്താരാഷ്ട്ര പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ടെന്നും 2024-ലെ യു.എൻ. ഹാബിറ്റാറ്റ് സിറ്റീസ് റിപ്പോർട്ടിൽ വാട്ടർ മെട്രോ ഫീച്ചർ ചെയ്യപ്പെട്ടുവെന്നും ഇന്ത്യയിലെ 18 നഗരങ്ങളിൽ വാട്ടർ മെട്രോയുടെ സാധ്യതാപഠനം നടക്കുകയാണെന്നും സൗത്ത് ഏഷ്യ, ആഫ്രിക്ക തുടങ്ങിയ ഭൂഖണ്ഡങ്ങളിലെ നിരവധി രാജ്യങ്ങൾ വാട്ടർ മെട്രോ ആധാരമാക്കി ജലഗതാഗതം ആധുനികവൽക്കരിക്കാനുള്ള സാധ്യതകൾ തേടിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. കേരളമുൾപ്പെടെ ഒൻപത് സംസ്ഥാനങ്ങളിലും മൂന്ന് കേന്ദ്രഭരണ പ്രദേശങ്ങളിലും കൊച്ചി ജലമെട്രോ മാതൃകയിൽ ജലഗതാഗത മാർഗ്ഗങ്ങൾ ഒരുക്കാനുള്ള സാധ്യതാപഠനത്തിനായി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിനെ ഇൻലാന്റ് വാട്ടർ അതോറിറ്റി ഓഫ് ഇന്ത്യ (IWAI) സമീപിച്ചിട്ടുണ്ട്. വാട്ടർ മെട്രോ സർവീസ് ആരംഭിച്ചതിനുശേഷം കേരളത്തിന്റെ പൈതൃക നഗരങ്ങളായ ഫോർട്ട്കൊച്ചി, മട്ടാഞ്ചേരി പ്രദേശങ്ങളിലേയ്ക്കുള്ള യാത്രക്കാരുടെ എണ്ണത്തിൽ ഗണ്യമായ വർധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. കുമ്പളം, കടമക്കുടി, പാലിയംതുരുത്ത് റൂട്ടുകളിലെ ഡ്രെഡ്ജിങ്ങിനും എറണാകുളം, തോപ്പുംപടി, ഇടക്കൊച്ചി, വരാപ്പുഴ ടെർമിനലുകളുടെ നിർമ്മാണത്തിനുമുള്ള ടെൻഡർ നടപടികൾ സ്വീകരിച്ചുവരികയാണ്. വൈപ്പിനിൽ പണിപൂർത്തീകരിച്ച ടെർമിനലുകളുടെ ഉദ്ഘാടനം നടത്തുമെന്നും കുട്ടനാട് വാട്ടർ മെട്രോ ആരംഭിക്കുന്ന കാര്യം ആലോചിക്കുമെന്നും കെ.എസ്.ആർ.ടി.സി. ബജറ്റ് ടൂറിസവുമായി വാട്ടർ മെട്രോയെ സഹകരിപ്പിച്ച് ടൂറിസം സാധ്യതകൾ വർധിപ്പിക്കാൻ നടപടി സ്വീകരിക്കുമെന്നും കോവളം മുതൽ ചേറ്റുവ വരെയുള്ള ജലപാത ഓപ്പറേറ്റ് ചെയ്യാനുള്ള നടപടി അടുത്ത മാസം പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നതായും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

6 (*6) <u>അവയവമാറ്റ ശസ്ത്രക്രിയകൾ</u>

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) നൽകിയ മറുപടിയിൽ, അവയവമാറ്റ ശസ്ത്രക്രിയാരംഗത്ത് രാജ്യത്തിനുതന്നെ മാതൃകയാകുന്ന വമ്പിച്ച

മുന്നേറ്റങ്ങളുണ്ടാക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ടെന്നും തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, കോഴിക്കോട് മെഡിക്കൽ കോളേജുകളിലും എറണാകുളം ജനറൽ ആശുപത്രിയിലും അവയവമാറ്റ ശസ്ത്രക്രിയകൾക്കുള്ള സൗകര്യം ലഭ്യമാക്കിയിട്ടുണ്ടെന്നും തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ ത്വക്ക്, കരൾ എന്നിവയുടെ മാറ്റിവയ്ക്കൽ ആരംഭിക്കുകയും ത്വക്ക് ബാങ്ക് പ്രവർത്തനസജ്ജമാക്കുകയും ചെയ്തിട്ടുണ്ടെന്നും സഭയെ അറിയിച്ചു. തിരുവനന്തപുരം റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഫ്താൽമോളജി, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജുകൾ എന്നിവിടങ്ങളിൽ കോർണിയമാറ്റ ശസ്ത്രക്രിയയ്ക്കുള്ള സൗകര്യം ലഭ്യമാണെന്നും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ട്രാൻസ്പ്ലാന്റേഷൻ കോഴിക്കോട് ജില്ലയിലെ ചേവായൂരിൽ സ്ഥാപിക്കാൻ 643.88 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്നും 60 ഡോക്ടർ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും ഈ മേഖലയിൽ സമഗ്രമാറ്റം കൊണ്ടുവരുന്നതിനായി പ്രോട്ടോക്കോളുകളും മാതൃകാ പ്രവർത്തന നടപടിക്രമങ്ങളും (SOP) വികസിപ്പിക്കാൻ ഒരു വിദഗ്ധ പ്രവർത്തന സംഘത്തെയും (Expert Working Group) ഓരോ അവയവങ്ങൾക്കും പ്രത്യേക വൈദഗ്ധ്യമുള്ള കമ്മിറ്റികളെയും ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. അവയവങ്ങൾ അതിവേഗം വിവിധ ട്രാൻസ്പ്ലാന്റ് സെന്ററുകളിൽ എത്തിക്കാനായി ഹെലികോപ്റ്റർ, ഗ്രീൻ ചാനൽ എന്നിവ ഒരുക്കിയിട്ടുണ്ട്. സംസ്ഥാനത്തെ ICU, empanelled ഡോക്ടർമാർക്ക് മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്നതിനും വിവിധ ആശുപത്രികളിലെ ട്രാൻസ്പ്ലാന്റ് കോർഡിനേറ്റർമാർക്ക് അവയവദാനം സംബന്ധിച്ച് രോഗികളെയും ബന്ധുക്കളെയും ബോധവൽക്കരിക്കുന്നതിനുമുള്ള പരിശീലനം നൽകിവരുന്നുണ്ട്. അവയവദാനത്തിന്റെ പ്രാധാന്യം ജനങ്ങളിലെത്തിക്കുന്നതിനുള്ള 'ജീവനേകാം ജീവനാകാം' എന്ന സോഷ്യൽ മീഡിയ ക്യാമ്പയിനിന്റെ രണ്ടാംഘട്ടം ആരംഭിക്കാനുള്ള പദ്ധതി തയ്യാറാക്കിവരികയാണ്. മരണാനന്തര അവയവദാനംചെയ്ത വ്യക്തികളോടുള്ള ആദരസൂചകമായി സംഘടിപ്പിച്ച 'സ്മൃതി വന്ദനം' പരിപാടി എല്ലാ വർഷവും ദേശീയ അവയവദാന ദിനത്തിൽ സംസ്ഥാനതലത്തിൽ സംഘടിപ്പിക്കുന്നതാണെന്നും 'വാർ മെമ്മോറിയൽ' മാതൃകയിൽ ദാതാക്കളുടെ പേരുകൾ ആലേഖനംചെയ്ത പൊതുസ്മാരകം നിർമ്മിക്കാനുള്ള പദ്ധതി സജീവപരിഗണനയിലാണെന്നും മന്ത്രി അറിയിച്ചു. കെ-സോട്ടോ (കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ)-യുടെ സ്ഥിരസാന്നിധ്യം

അവയവദാന അവബോധം സൃഷ്ടിക്കുന്നതിൽ നിർണായക പങ്കുവഹിക്കുന്നുണ്ട്. Transplantation of Human Organs and Tissues Act പ്രകാരമുള്ള എക്സ്പെർട്ട് കമ്മിറ്റി പരിശോധനകൾക്കുശേഷമാണ് അവയവമാറ്റ ശസ്ത്രക്രിയയ്ക്കുള്ള ലൈസൻസ് അനുവദിക്കുകയും പുതുക്കിനൽകുകയും ചെയ്യുന്നത്. രാജ്യത്താദ്യമായി തിരുവനന്തപുരം ഗവൺമെന്റ് ജനറൽ ആശുപത്രിയിൽ കോർണിയൽ ട്രാൻസ്പ്ലാന്റ് നടന്നിട്ടുണ്ടെന്നും സർക്കാർ ആശുപത്രികളിൽ അർഹതയ്ക്കനുസരിച്ച് സൗജന്യമായോ മിതമായ നിരക്കിലോ കരൾമാറ്റ ശസ്ത്രക്രിയ നടത്തുന്നുണ്ടെന്നും 2024-മായി താരതമ്യം ചെയ്യുമ്പോൾ 2025-ൽ മരണാനന്തര അവയവദാനത്തിനുള്ള സന്നദ്ധത 56 ശതമാനം വർധിച്ചിട്ടുണ്ടെന്നും അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരായവർക്ക് കാരുണ്യ സ്പർശം കൗണ്ടറുകൾവഴി ഏറ്റവും വിലകുറച്ച് മരുന്നുകൾ നൽകാൻ തീരുമാനിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

* * * * * * * * * *